അവരുടെ ആരോഗ്യരക്ഷയ്ക്കു വേണ്ടിയുള്ള ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്ത് ഈ തൊഴിലാളികളെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കേരളത്തിലെ എല്ലാ ഭാഗത്തുമായി ഏകദേശം 40,000 ചാക്കു തൊഴിലാളികളുണ്ട് എന്നാണ് കണക്ക്. ഇതുസംബന്ധിച്ച് വ്യക്തമായ സർവേയൊന്നും നടന്നിട്ടില്ല. ഈ തൊഴിലാളികൾ സ്ഥിരമായ ഒരു ഉടമയുടെ കീഴിലല്ല ജോലി ചെയ്യുന്നത്. തൊഴിലുടമ-തൊഴിലാളി ബന്ധം നിലനിൽക്കാത്തതുകൊണ്ട് പ്രത്യേക ക്ഷേമനിധി ഉണ്ടായാൽ തൊഴിലുടമകളുടെ അംശദായം പ്രതീക്ഷിക്കാൻ കഴിയുന്നതല്ല. പ്രത്യേകമായി ആരംഭിച്ചിരിക്കുന്ന പല ക്ഷേമനിധി ബോർഡുകളും സമാഹരിച്ചിരിക്കുന്ന അംശദായം കൊണ്ട് നല്ലരീതിയിൽ നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടനുഭവപ്പെടുന്ന സാഹചര്യത്തിൽ ഇവർക്കായി ക്ഷേമനിധി ബോർഡുണ്ടാക്കിയാൽ സർക്കാർ വിഹിതംകൊണ്ട് അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുപോലും നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. തൊഴിലാളികൾക്ക് ഏകോപിതമായ രീതിയിൽ ക്ഷേമപ്രവർത്തനങ്ങളുടെ ഫലം എത്തിച്ചു കൊടുക്കത്തക്കവിധത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ലേബർ അതോറിറ്റി രൂപീകരിച്ചുകഴിഞ്ഞാൽ ചാക്കുതൊഴിലാളികളുടെ കാര്യം അതോറിറ്റി പരിഗണിക്കുന്നതാണ്.

(15) ഇടുക്കി ജില്ലയിലെ കൂടയത്തൂർ പഞ്ചായത്തിൽ കണിയാംതോടിനു കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ പ്രശ്നം ഈ സഭയിൽ ഒന്നിലേറെ തവണ അവതരിപ്പിച്ചിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ താമസിക്കുന്ന പഞ്ചായത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി പണി പൂർത്തിയാക്കേണ്ട കാഞ്ഞാറിൽ കണിയാംതോടിനു കുറുകെയുള്ള പാലവും തെങ്ങുംപള്ളിക്കടവിലെ തൂക്കുപാലവും മുടങ്ങിക്കിടക്കുന്ന പ്രശ്നമാണ് എനിക്ക് ഈ സഭയുടെയും ബഹു. മന്ത്രിയുടെയും ശ്രദ്ധയിൽ പെടുത്താനുള്ളത്. 1994-ൽ ഓൺ മെറ്റീരിയൽ സ്കീം അനുസരിച്ച് നടത്തിയ വർക്കുകളാണ് നിർത്തിവച്ചിട്ടുള്ളത്. ഏതാണ്ട് 45 ദിവസത്തിനകം ഈ സ്കീം നിർത്തലാക്കുകയും ചെയ്തു. എം.വി.ഐ.പി.യിൽ ഒട്ടാകെ 56 വർക്കുകളാണ് നിർത്തിവച്ചിട്ടുള്ളത്. ഈ വർക്കുകളിൽ അഴിമതി നടന്നുവെന്ന ആരോപണത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതുകൊണ്ടാണ് ഈ വർക്കുകൾ നടത്താൻ കഴിയാതെ വന്നിട്ടുള്ളത് എന്നാണ് അറിയുന്നത്. ഫയലുകളുടെ ഫോട്ടോസ്റ്റാറ്റ് എടുത്തുകൊണ്ട് വിജിലൻസ് ബന്ധപ്പെട്ട വകുപ്പിന് ഒറിജിനൽ തിരിച്ചു കൊടുത്താൽ ഈ വർക്കുകൾ നടത്താൻ കഴിയുമെന്നാണ് കരുതുന്നത്. 15 വർക്കുകളുടെ ഫയലുകൾ തിരിച്ചുകിട്ടിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. എന്റെ പഞ്ചായത്തിൽപ്പെട്ട രണ്ട് വർക്കുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 75% പണി പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് 4 വർഷമായിട്ടും വളരെ ചെറിയ ഈ രണ്ടു ജോലികളും പൂർത്തീകരിക്കാൻ കഴിയാത്തത് നിർഭാഗ്യകരമാണ്. ഇത് എനിക്കും ബഹു. മന്ത്രിക്കും ഭൂഷണമല്ല എന്നാണ് ഞാൻ കരുതുന്നത്. ബഹു. മന്ത്രി ഇനിയെങ്കിലും ഇക്കാര്യം ഗൗരവമായി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സഭയുടെ കാലാവധി കഴിയുന്നതിനുമുൻപെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ഈ രണ്ടു ജോലികളും പൂർത്തിയാക്കി ഉണ്ടാകാവുന്ന ഒരു വലിയ നാണക്കേട് ഒഴിവാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ കുടയത്തൂർ പഞ്ചായത്തിലെ കാഞ്ഞാറിൽ കണിയനതോടിന് കുറുകെയുള്ള പാലത്തിനു 27.7.1995-ൽ കരാറുണ്ടാക്കിയതാണ്. ഏകദേശം 9,93,193 രൂപ അടങ്കൽ തുക വരുന്ന ഈ പാലത്തിന്റെ പണിക്ക് ഇതുവരെ 5,94,002 രൂപയാണ് ചെലവായിട്ടുള്ളത്. ഈ പണി കരാറുകാർ സ്വന്തം കമ്പിയും സിമന്റും ഉപയോഗിച്ച് ചെയ്യുന്നതരത്തിൽ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ക്രമീകരിച്ചിട്ടുള്ളതാണ്. മൂവാറ്റുപുഴ വാലി ജലസേചനപദ്ധതി, ഇപ്രകാരം ക്രമീകരിച്ച പണികളിൽ വിജിലൻസ് അന്വേഷണം നിലവിലുള്ളതിനാൽ പണികൾ തുടർന്നു നടത്താനാകാത്ത സ്ഥിതിയിലാണ്. മൂവാറ്റുപുഴ വാലിയിലെ ഒട്ടേറെ പണികളുടെ സ്ഥിതി ഇതാണ് എന്ന് ബഹു. മെമ്പർ വിശദീകരിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ വിജിലൻസുകാരുമായി ഞാൻ തന്നെ മുൻകൈയെടുത്ത് ചർച്ച വച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രയോറിറ്റി നോക്കി കുറേക്കൂടി..... ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലെത്തിയ പല വർക്കുകളുടെയും ഫയലുകൾ ഫോട്ടോസ്റ്റാറ്റ് എടുത്തുതന്നിട്ട് കുറെ പണികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ഘട്ടത്തിലും പല പണികളുടെയും ഫയലുകൾ ഫോട്ടോസ്റ്റാറ്റ് എടുത്ത് തരുന്നുണ്ട്. വളരെവേഗം ആ ഫോട്ടോസ്റ്റാറ്റ് വാങ്ങി ഈ പണി എങ്ങനെ പൂർത്തീകരിക്കാൻ കഴിയുമെന്നുള്ളതുനോക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(16) കൊല്ലങ്കോട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. കെ.എ. ചന്ദ്രൻ : കൊല്ലങ്കോട് അസംബ്ലി നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട്, പുതുനഗരം, കൊടുവായൂർ ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായി പണി തീർത്ത് പ്രയോജനപ്പെടുത്തണമെന്നും പല്ലശ്ശന, എലവഞ്ചേരി, നെൻമാറ, അയിലൂർ ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നുമുള്ള ആവശ്യം സഭയുടെയും ബഹു. മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായിട്ടുള്ള പ്രദേശമാണ് മുതലമട. മുതലമട, കൊല്ലങ്കോട്, വടവന്നൂർ പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണം നടത്താൻ വർഷങ്ങൾക്കുമുൻപ് ആരംഭിച്ച ആ ശുദ്ധജലവിതരണ പദ്ധതി ഇന്നും പണിതീരാതെ കിടക്കുന്ന ഒരു അവസ്ഥലയിലാണ്. അടിയന്തിരമായി ഇതിന്റെ പണി തീർക്കണം. ഇതിന് വെള്ളം എവിടെനിന്നും എടുക്കണമെന്നുള്ളതുസംബന്ധിച്ച് ഒരു തീരുമാനത്തിന് കാലതാമസം ഉണ്ടായി. ഏറ്റവും അവസാനമായി മീങ്കര ജലസംഭരണിയിൽ നിന്ന് വെള്ളമെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ കിണർപണിയും അതിനോടനുബന്ധിച്ച മറ്റു കാര്യങ്ങളും ചെയ്യേണ്ടത് വാട്ടർ അതോറിറ്റിയല്ല, മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ്. അവർക്ക് ഇതു പണിയാനാവശ്യമായ പണം നൽകുകയും ആ പണി ടെന്റർ വിളിച്ച് കഴിയും വേഗം തീർക്കുകയും ചെയ്യണം. അതുപോലെ ഇതിനോടനുബന്ധിച്ച് ഓവർഹെഡ്ടാങ്ക് ഇനിയും ഒന്നു പണിയണം. മറ്റു പണികളും ചെയ്യേണ്ടതായിട്ടുണ്ട്. ലക്ഷങ്ങൾ മുടക്കിയിട്ടും പ്രയോജനപ്പെടുത്താനാവാതെ കിടക്കുന്ന ഈ പദ്ധതി കഴിയുന്നതുംവേഗം നടപ്പിലാക്കാൻ തീരുമാനമെടുക്കണം. അതുപോലെ പുതുനഗരം, കൊടുവാ

LIBRARY ARCHIVES Kerala Legislative Assembly